REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച രണ്ട് ഓൺലൈൻ യോഗങ്ങൾ ഇന്ന്.**
- **2023 ലെ സംസ്ഥാന ചലച്ചിത്ര അവാർഡുകൾ വൈകിട്ട് തിരുവനന്തപുരത്ത് വിതരണം ചെയ്യും.**
- **വഖഫ് ഭേദഗതി നിയമത്തിനെതിരായ ഹർജികൾ ഇന്ന് സുപ്രീം കോടതിയുടെ പരിഗണനയ്ക്കെത്തും.**
- **മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതർക്കായി നിർമ്മിക്കുന്ന  ടൗൺഷിപ്പിൽ മാതൃകാ വീടിന്റെ നിർമാണം രാവിലെ ആരംഭിക്കും.**
- **IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

ലഹരിക്കെതിരായ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച രണ്ട് യോഗങ്ങൾ ഇന്ന് തിരുവനന്തപുരത്ത് ചേരും. ഓൺലൈനായി ചേരുന്ന യോഗങ്ങളിൽ ആദ്യത്തേത് രാവിലെ പതിനൊന്നരയ്ക്ക്  മത മേലധ്യക്ഷൻമാരുമായാണ്. വൈകിട്ട് മൂന്നരയ്ക്ക് സർവ്വകക്ഷിയോഗവും ചേരും. ലഹരിക്കെതിരെ വിപുലമായ കർമ പദ്ധതിക്ക് രൂപം നൽകുന്ന പ്രവർത്തനങ്ങൾ ഗവൺമെന്റ് തലത്തിൽ പുരോഗമിക്കുകയാണ്.

✪✪✪

2023 ലെ സംസ്ഥാന ചലച്ചിത്ര അവാർഡുകൾ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് സമ്മാനിക്കും. നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകിട്ട് ആറരയ്ക്കാണ് പുരസ്കാര വിതരണം. ചടങ്ങിൽ JC ഡാനിയൽ അവാർഡ് ചലച്ചിത്ര സംവിധായകൻ ഷാജി N കരുണിന് സമ്മാനിക്കും.

✪✪✪

വഖഫ് ഭേദഗതി നിയമത്തിൽ പാകിസ്ഥാന്റെ പ്രതികരണം അടിസ്ഥാനരഹിതവും ദുരുദ്ദേശപരവുമാണെന്ന് ഇന്ത്യ കുറ്റപ്പെടുത്തി. ഇന്ത്യയുടെ ആഭ്യന്തരപ്രശ്നത്തിൽ ഇടപെടാൻ പാകിസ്ഥാന് അവകാശമില്ലെന്ന് വിദേശകാര്യവക്താവ് രൺധീർ ജെയ്സ്വാൾ ന്യൂഡൽഹിയിൽ പറഞ്ഞു. ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുന്നതിലെ പാകിസ്ഥാന്റെ അങ്ങേയറ്റം മോശമായ പ്രകടനം അവർ സ്വയം പരിശോധിക്കുകയാണ് വേണ്ടതെന്നും രൺധീർ പ്രതികരിച്ചു.

✪✪✪

വഖഫ് ഭേദഗതി നിയമത്തിനെതിരായ ഹർജികൾ ഇന്ന് സുപ്രീം കോടതിയുടെ പരിഗണനയ്ക്കെത്തും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ നേതൃത്വത്തിൽ മൂന്നംഗ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്. പത്തിലേറെ ഹർജികൾ കോടതിയുടെ പരിഗണനയ്ക്കെത്തിയിട്ടുണ്ട്. BJP ഭരിക്കുന്ന ആറ് സംസ്ഥാന ഗവൺമെന്റുകൾ ഭേദഗതി നിയമം റദ്ദാക്കുന്നതിനെതിരെയും ഹർജി നൽകി.

✪✪✪

വഖഫ് നിയമഭേദഗതിക്കെതിരെ മുസ്ലിംലീഗ് സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന റാലി വൈകിട്ട് കോഴിക്കോട് കടപ്പുറത്ത് നടത്തും.

ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ റാലി ഉദ്ഘാടനം ചെയ്യും. പഞ്ചാബ് കോൺഗ്രസ് പ്രസിഡന്റും ലോക്സഭാംഗവുമായ അമരീന്ദർ സിംഗ് രാജാ വാറിംഗ് മുഖ്യാതിഥിയായിരിക്കും. ലീഗ് ദേശീയ പ്രസിഡന്റ് പ്രൊഫ. KM ഖാദർ മൊയ്തീൻ, ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി, പ്രതിപക്ഷ നേതാവ് VD സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

റാലിയെ തുടർന്ന് കോഴിക്കോട് നഗരത്തിൽ ഉച്ച കഴിഞ്ഞ് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

✪✪✪

ലോക ദൃശ്യ-ശ്രാവ്യ- വിനോദ ഉച്ചകോടി WAVES ന്റെ  ഭാഗമായി നടത്തിയ ക്രിയേറ്റ് ഇൻ ഇന്ത്യ ചലഞ്ച്: സീസൺ ഒന്നിലെ മികച്ച 10 ഗെയിമുകൾ തെരഞ്ഞെടുത്തു. അടുത്തമാസം ഒന്ന് മുതൽ നാല് വരെ മുംബൈയിൽ സംഘടിപ്പിക്കുന്ന WAVES ഉച്ചകോടിയിൽ ഇവ പ്രദർശിപ്പിക്കും.

✪✪✪

നാഷണൽ ഹെറാൾഡ് കള്ളപ്പണം വെളുപ്പിക്കൽ കേസിൽ സോണിയാ ഗാന്ധിക്കും രാഹുൽ ഗാന്ധിക്കുമെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കുറ്റപത്രം നൽകിയ നടപടി രാഷ്ട്രീയ പ്രേരിതമാണെന്ന് കോൺഗ്രസ് കുറ്റപ്പെടുത്തി. അതേ സമയം, അന്വേഷണത്തിലിരിക്കുന്ന സംഭവങ്ങളെ രാഷ്ട്രീയ പ്രതികാരമാണെന്ന് മുദ്ര കുത്തുന്നതിലൂടെ യഥാർത്ഥ പ്രശ്നത്തെ മറിച്ചുവെക്കാനാകില്ലെന്ന് BJP വക്താവ് നളിൻ കോഹ്‌ലി  ഡൽഹിയിൽ പ്രതികരിച്ചു.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്. .....

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കുറ്റപത്രം നൽകിയ നടപടിയെ നിശിതമായി വിമർശിച്ച് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശാണ് സാമൂഹ്യമാധ്യമക്കുറിപ്പ് പുറത്തിറക്കിയത്. പ്രതികാരത്തിന്റ രാഷ്ട്രീയമാണ് നടപടിക്ക് പിന്നിലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

ED നടപടിയിൽ പ്രതിഷേധിച്ച് സംസ്ഥാനത്ത് കോൺഗ്രസ് ജില്ലാ ആസ്ഥാനങ്ങളിൽ പ്രതിഷേധ പ്രകടനങ്ങൾ നടത്തുമെന്ന് KPCC ജനറൽ സെക്രട്ടി M ലിജു അറിയിച്ചു. കുറ്റപത്രത്തെ കോൺഗ്രസ് രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്ന് ലിജു പറഞ്ഞു.

അതിനിടെ, ഹരിയാനയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ പ്രിയങ്കഗാന്ധിയുടെ ഭർത്താവ് റോബർട്ട് വദ്രയെ ED ഇന്നും ചോദ്യം ചെയ്യും. വദ്രയുടെ കമ്പനി ഗുരുഗ്രാമിൽ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ടാണ് കേസ്. ഡൽഹി ED  ഓഫീസിലാണ് ചോദ്യം ചെയ്യൽ.

✪✪✪

ഡീസൽ വില വർധനയിലും ടോൾ പ്ലാസകളിലെ ചൂഷണത്തിനെതിരെയും കർണ്ണാടകയിലെ ലോറി ഉടമകൾ അനിശ്ചിതകാല സമരം തുടങ്ങി. ഇതോടെ കേരളമടക്കം സംസ്ഥാനങ്ങളിലേക്ക് ചരക്കു ഗതാഗതം തടസ്സപ്പെട്ടു.

✪✪✪

മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതർക്കായി  വയനാട്ടിൽ നിർമ്മിക്കുന്ന ടൗൺഷിപ്പിൽ മാതൃകാ വീടിന്റെ നിർമാണം രാവിലെ ആരംഭിക്കും. റോഡിന്റെയും അനുബന്ധ സൗകര്യങ്ങളുടേയും നിർമാണവും ഇതോടൊപ്പം തുടങ്ങും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺവിൻസന്റ്..

.........വോയ്സ്.......

✪✪✪

പുനരധിവാസടൗൺഷിപ്പ് നിർമ്മാണത്തിന് സംസ്ഥാനഗവണ്മെന്റ് ഏറ്റെടുത്ത എൽസ്റ്റൻ എസ്റ്റേറ്റിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ശനിയാഴ്ച വീണ്ടും ചർച്ച നടത്തും.കലക്ടർ DR മേഘശ്രീയുടെ നേതൃത്വത്തിലായിരിക്കും ചർച്ച. ബൈപ്പാസ് റോഡിൽ തൊഴിലാളികൾ പന്തൽ കെട്ടി സമരം തുടങ്ങിയ പശ്ചാത്തലത്തിലാണ് ചർച്ച.

✪✪✪

അതിരപ്പിള്ളിയിൽ ഇന്നലെ കാട്ടാന ആക്രമണത്തിൽ രണ്ടു പേർ മരിച്ച സംഭവത്തിൽ  ജനകീയ ഹർത്താൽ തുടങ്ങി. രാവിലെ ആറ് മുതൽ വൈകിട്ട് ആറ് വരെയാണ് ഹർത്താൽ.

കാട്ടാന ആക്രമണത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്ക് അടിയന്തര ധനസഹായം ഇന്നലെ കൈമാറി.  അഞ്ച് ലക്ഷം രൂപ വീതമാണ് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ അവരുടെ വീടുകളിലെത്തി കൈമാറിയത്.

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ പരാജയപ്പെടുത്തി. ചണ്ഡീഗഡിൽ 16 റൺസിനാണ് പഞ്ചാബിന്റെ ജയം.

ഇന്ന് ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസിനെ നേരിടും.വൈകിട്ട് ഏഴരക്ക്  ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

സ്പോർട്സിലെ തന്റെ പ്രകടനം മെച്ചപ്പെടുത്താൻ പഴയ സ്പോർട്സ് ലേഖകർ പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് ഇന്ത്യൻ ഒളിംപിക്സ് അസോസിയേഷൻ പ്രസിഡന്റ്  PT ഉഷ MP പറഞ്ഞു. അവരുടെ ക്രിയാത്മ വിമർശനങ്ങൾ ഊർജ്ജമായി മാറിയെന്നും അവർ വിലയിരുത്തി.

മുതിർന്ന സ്പോർട്സ് ലേഖകനും മലയാള മനോരമ മുൻ റസിഡന്റ് എഡിറ്ററുമായ K അബൂബക്കറിന് സീനിയർ ജേണലിസ്റ്റ്സ് ഫോറം നൽകിയ ആദരവ് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അവർ.

മുസ്ലീം ലീഗ് അഖിലേന്ത്യ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി പരിപാടി ഉദ്ഘാടനം ചെയ്തു.

മുൻ ഇന്ത്യൻ ഫുട്ബോൾ താരങ്ങളായ KP സേതുമാധവൻ, വിക്ടർ മഞ്ഞില, കാലിക്കറ്റ് സർവകലാശാല സ്പോർട്സ് വകുപ്പ് മുൻ മേധാവി EJ ജേക്കബ് തുടങ്ങിയവർ സംസാരിച്ചു.

✪✪✪

പ്രഥമ ദേശീയ പൊലീസ് ബാഡ്മിന്റൺ ആന്റ് ടേബിൾ ടെന്നീസ് ക്ലസ്റ്റർ കൊച്ചിയിൽ സമാപിച്ചു. ടേബിൾ ടെന്നീസിൽ ഉത്തർപ്രദേശ് ഓവറോൾ ചാമ്പ്യന്മാരായി. ബാഡ്മന്റണിൽ മിസോറാമാണ് ജേതാക്കൾ. മന്ത്രി P രാജീവ് ജേതാക്കൾക്ക് ട്രോഫികൾ സമ്മാനിച്ചു. 43 ടീമുകൾ ടൂർണമെന്റിൽ പങ്കെടുത്തു.

✪✪✪

കേരളാ പുരസ്കാരങ്ങൾക്ക് നാമനിർദേശങ്ങൾ ക്ഷണിച്ചു. കേരള ജ്യോതി , കേരള പ്രഭ, കേരളശ്രീ വിഭാഗങ്ങളിലെ നാമനിർദേശങ്ങൾ keralapuraskaram.kerala.gov.in വെബ്സൈറ്റിൽ ജൂൺ 30നകം സമർപ്പിക്കാം.

✪✪✪

ഈ വർഷത്തെ തെക്കുപടിഞ്ഞാറൻ കാലവർഷം ശരാശരിയിലും കൂടുതലായിരിക്കുമെന്ന് ദേശീയ കാലാവസ്ഥാ ഗവേഷണ കേന്ദ്രം വിലയിരുത്തി. സാധാരണയിൽ നിന്ന് അഞ്ച് ശതമാനം വരെ ഉയർന്ന മഴ ഉണ്ടായേക്കുമെന്നാണ് പ്രവചനം.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തോടനു ബന്ധിച്ച് മെയ് മൂന്ന് മുതൽ 12 വരെ കോഴിക്കോട് ബീച്ചിൽ സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയുടെ പ്രചരണ പോസ്റ്ററും പ്രൊമോ വീഡിയോയും മന്ത്രി PA മുഹമ്മദ് റിയാസ് പ്രകാശനം ചെയ്തു. 'വികസന തീരമണഞ്ഞ് കോഴിക്കോട്' എന്ന ടാഗ് ലൈനിലാണ് പോസ്റ്റർ തയ്യാറാക്കിയത്. എന്റെ കേരളം മേളയ്ക്കൊപ്പം നടത്തുന്ന കുടുംബശ്രീ ദേശീയ സരസ് മേളയുടെ ലോഗോയും മന്ത്രി പ്രകാശനം ചെയ്തു.

✪✪✪

KPCC യോഗം രാവിലെ തിരുവനന്തപുരത്ത് ഇന്ദിരാ ഭവനിൽ ചേരും. നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്, തദ്ദേശ സ്ഥാപനതെരഞ്ഞെടുപ്പ് തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

✪✪✪

കണ്ണൂർ തളിപ്പറമ്പ് മാർക്കറ്റിൽ പുലർച്ചെ വെളിച്ചെണ്ണ മില്ലിന് തീ പിടിച്ചു. കണ്ണൂർ, തളിപ്പറമ്പ് പയ്യന്നൂർ എന്നിവിടങ്ങളിൽ നിന്നും എത്തിയ അഗ്നിരക്ഷാസേന യൂണിറ്റുകൾ ചേർന്ന് തീ അണക്കാൻ ശ്രമം  തുടരുകയാണ്.

ഇന്നലെ രാത്രി മന്നയിലെ ഒരു ഹോട്ടലിലും  തീപിടുത്തം ഉണ്ടായി. പാചകവാതക സിലിണ്ടർ ചോർച്ചയാണ് തീപിടുത്തത്തിന് കാരണം. അഗ്നി രക്ഷാ സേന തീ അണച്ചു.

✪✪✪

കേരള ഹൈക്കോടതിയുടെ വേനലവധിക്കാല സിറ്റിംഗ് തീയതികൾ പ്രഖ്യാപിച്ചു. അടിയന്തിരമായി പരിഗണിക്കേണ്ട കേസുകൾ ഇന്നും 22, 25, 29 തിയതികളിലും കോടതി കേൾക്കും. മെയ് രണ്ട്, ആറ്, ഒമ്പത്, 13, 16 തിയതികളിലും അവധിക്കാല സിറ്റിംഗ് ഉണ്ടായിരിക്കും. ഇന്നലെ മുതൽ മെയ് 18 വരെയാണ് ഹൈക്കോടതിയുടെ വേനലവധി.

✪✪✪

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന്  രാത്രി 11.30 വരെ  ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. മീൻപിടുത്തക്കാരും തീരദേശവാസികളും ജാഗ്രത പാലിക്കണം.

✪✪✪

കോഴിക്കോട്ടെ മാധ്യമ പഠന സ്ഥാപനമായ മാഗ് കോമിലെ ആദ്യ ബാച്ച് PG ഡിപ്ലോമ ജേണലിസം വിദ്യാർത്ഥികൾക്ക് ജവഹർലാൽ നെഹ്റു സർവകലാശാലയുടെ സർട്ടിഫിക്കറ്റുകൾ നാളെ വിതരണം ചെയ്യും. JNU വൈസ് ചാൻസലർ പ്രൊഫസർ ശാന്തിശ്രീ ധുലിപുടി പണ്ഡിറ്റ് സർട്ടിഫിക്കറ്റുകൾ കൈമാറും.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: രജ്ന കെ*
*DEO; സി കെ സുബോധ്*